# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *344 – 13/12/2018 -ലെ മറുപടിക്ക്

## ലോകബാങ്ക് സഹായം

**ചോദ്യം**

ശ്രീ. ഹൈബി ഈഡൻ
ശ്രീ. കെ. മുരളീധരൻ
ശ്രീ. കെ. എസ്. ശബരീനാഥൻ
ശ്രീ. വി. പി. സജീന്ദ്രൻ

**ഉത്തരം**

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സംസ്ഥാനത്തിന്റെ പുനർ നിർമ്മാണത്തിനായി ലോകബാങ്ക് സഹായം ലഭ്യമാക്കുന്നത് ഏതെങ്കിലും പ്രത്യേക പദ്ധതികൾക്കാണോ ; | സംസ്ഥാനത്തിന്റെ പുനർനിർമ്മാണത്തിനാവശ്യമായ ധന വിഭവ സമാഹരണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാർ ലോകബാങ്ക്, എ.ഡി.ബി പ്രതിനിധികളുമായി ചർച്ച നടത്തി വരികയാണ്. ലോകബാങ്ക്, എ.ഡി.ബി ഉൾപ്പെടെയുള്ള വിവിധ സ്രോതസ്സുകളിൽ നിന്നും സമാഹരിക്കാനുദ്ദേശിക്കുന്ന ഫണ്ടുകൾ പി.ഡബ്ല്യു.ഡി റോഡുകൾ എൽ.എസ്.ജി.ഐ റോഡുകൾ & സാനിട്ടേഷൻ, വാട്ടർ സപ്ലൈ, ഫ്ലഡ് പ്രൊട്ടക്ഷൻ & ഇറിഗേഷൻ, കോസ്റ്റൽ പ്രൊട്ടക്ഷൻ & റീ സെറ്റിൽമെന്റ്, പബ്ലിക് ബിൽഡിംഗുകൾ, ആരോഗ്യം, ബയോഡൈവേർസിറ്റി & നാച്വറൽ എൻവയോൺമെന്റ് തുടങ്ങിയ മേഖലകളിൽ ചെലവഴിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ലോകബാങ്ക് സഹായ പദ്ധതികളായ KSTP, NCRMP എന്നീ പദ്ധതികളിലായി ചെലവഴിക്കാൻ കഴിയാതെ വരുന്ന 400 കോടിയോളം രൂപ പ്രളയാനന്തര പുനർനിർമ്മാണ പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്തുന്നതിന് അനുവദിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ ആവശ്യമായ തുടർനടപടികൾ കൈക്കൊള്ളുവാൻ കേന്ദ്ര സർക്കാർ ലോകബാങ്കിനോട് ശുപാർശ ചെയ്തിട്ടുണ്ട്. പുനർനിർമ്മാണ പ്രവർത്തികൾക്കായുള്ള ധനവിഭവ സമാഹരണത്തിനായി ബോണ്ടുകൾ വഴി പണം സ്വരൂപിക്കുന്ന കാര്യത്തിൽ സാങ്കേതിക സഹായം ലഭ്യമാക്കുന്ന വിഷയവും ലോകബാങ്ക് പ്രതിനിധികളുമായുള്ള യോഗത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. |
| ബി | സംസ്ഥാനത്തിന് പുറത്തുള്ള കേരളീയരിൽ നിന്നും ബോണ്ട് വഴി പണം സ്വീകരിക്കുന്ന കാര്യത്തിൽ സാങ്കേതിക സഹായം നൽകുവാൻ ലോകബാങ്ക് മുന്നോട്ട് വന്നിട്ടുണ്ടോ എന്നറിയിക്കാമോ? | |

സെക്ഷൻ ഓഫീസർ